# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2931</u> <u>07.02.2018 ൽ മറുപടിക്ക്</u>**

**<u>കൊയിലാണ്ടി മണ്ഡലത്തിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടതും ധനകാര്യ വകുപ്പിൽ നിന്ന് റഫർ ചെയ്യതുമായ കൊയിലാണ്ടി മണ്ഡലത്തിലെ പാതയോരങ്ങളിൽ പ്രധാന സ്ഥലങ്ങളിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കൊയിലാണ്ടി മണ്ഡലത്തിലെ പാതയോരങ്ങളിൽ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശങ്ങളൊന്നും പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിനോ, പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡിനോ ലഭിച്ചിട്ടില്ല. |
| ബി) 2016-2017 വർഷത്തെ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലപരിധി 31/12/2017 ആയി നിശ്ചയിച്ചിരുന്ന സാഹചര്യത്തിൽ, പദ്ധതി നടപ്പിലാവാതെ പെൻഡിംഗിലായത് പി.ഡബ്ല്യു.ഡി. യിലെ ഏത് സെക്ഷനിലാണ് എന്ന് വിശദമാക്കാമോ; | ബി) സി) & ഡി) ബാധകമല്ല . |
| സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇത് വരെ നടന്ന നടപടികൾ, കത്തിടപാടുകൾ എന്നിവ കലണ്ടർ ഓഫ് കറസ്പോണ്ടൻസിലൂടെ വിശദമാക്കാമോ; | |
| ഡി) പദ്ധതിക്ക് ഭരണാനുമതി ലഭിക്കാനുള്ള എസ്റ്റിമേറ്റ് എത്ര ദിവസത്തിനകം ധനകാര്യ വകുപ്പിൽ സമർപ്പിക്കുമെന്നും ഇതിന്റെ ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ